(ഡി) എൽ.ഡി. ക്ലാർക്കായി സർവ്വീസിൽ പ്രവേശിച്ച് 10 വർഷം കഴിഞ്ഞിട്ടും (20.6.99) വരെ പ്രൊമോഷന് ആവശ്യമായ ഡിപ്പാർട്ടുമെന്റൽ ടെസ്റ്റ് പാസ്സായിട്ടും യു.ഡി. ക്ലാർക്കായി പ്രൊമോഷൻ ലഭിക്കാത്ത എത്രപേർ നിലവിലുണ്ട്;

(ഇ) എൽ.ഡി. ക്ളാർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നമ്പർ 650 മുതൽ 675 വരെയുള്ളവർ ആരെല്ലാം; ഇവരിൽ പ്രൊമോഷന് അർഹരായ അക്കൗണ്ട് ടെസ്റ്റ് പാസ്സായവർ ആരെല്ലാം; ഇവർ എന്ന് സർവ്വീസിൽ പ്രവേശിച്ചു; വിശദാംശങ്ങൾ അറിയിക്കുമോ;

(എഫ്) ഇവർക്ക് എന്നത്തേയ്ക്ക് പ്രൊമോഷൻ നൽകാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വകുപ്പിന്റെ മൊത്തത്തിലുള്ള പുനഃസംഘടന വൈകുന്നതു മൂലം ജീവനക്കാരുടെ പ്രൊമോഷനുകളും വൈകുന്നു.

(സി) പരിശോധിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) വിശദവിവരങ്ങൾ അനുബന്ധമായി† വച്ചിട്ടുണ്ട്.

(എഫ്) ഒഴിവ് വരുന്നതനുസരിച്ച് പ്രൊമോഷൻ നൽകുന്നതാണ്.

57 (1601) വിദ്യാഭ്യാസ വകുപ്പിലെ ജീവനക്കാരുടെ ശൂന്യവേതനാവധി

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിൽ ജീവനക്കാർക്ക് വിദേശ ജോലി സ്വീകരിക്കുന്നതിനുവേണ്ടിയുള്ള ശൂന്യവേതനാവധി അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മലപ്പുറം ജില്ലയിലെ പെരുവള്ളൂർ ഗവണ്മെന്റ് ഹൈസ്കൂളിലെ ജൂനിയർ അറബിക് ടീച്ചറായ കെ. അബ്ദുൾ റഹ്മാന് ലീവ് അനുവദിക്കുന്നത് സംബന്ധിക്കുന്ന 25751/എസ്/99/എഡ്യു. എന്ന ഫയലിൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഈ അപേക്ഷകന് എത്രയുംവേഗം അവധി അനുവദിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശൂന്യവേതനാവധിക്കായുള്ള അപേക്ഷകളിൽ അപേക്ഷിക്കുന്ന അദ്ധ്യാപകനും അവ ശുപാർശ ചെയ്യുന്ന മേലധികാരികളും നിയമപ്രകാരം ചില നിബന്ധനകൾ പാലിക്കേണ്ടതും ബന്ധപ്പെട്ട രേഖകൾ സഹിതം സർക്കാരിലേക്ക് ശുപാർശ സമർപ്പിക്കേണ്ടതുമാണ്. അപ്രകാരം പൂർണ്ണത

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പാലിച്ച അപേക്ഷകളിൻമേൽ ഉടൻ നടപടി സ്വീകരിക്കുന്നുണ്ട്. എന്നാൽ അപൂർണ്ണതയോടെയുള്ള അപേക്ഷകളിൽ അവയിലെ അപാകതകൾ പരിഹരിച്ചുകിട്ടുന്ന മുറയ്ക്ക് നിയമപ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി)&(സി) ടി അദ്ധ്യാപകന് 23.6.99-ലെ ജി.ഒ. (ആർ.റ്റി) 2841/99/പൊ.വി. ഉത്തരവ് പ്രകാരം ലീവ് അനുവദിച്ചിട്ടുണ്ട്.

58 (1602) ഡി.ഡി.ഇ. യ്ക്കെതിരെ അഴിമതി ആരോപണം

ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറെപ്പറ്റി എന്തെങ്കിലും പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഡി.ഡി.ഇ.യ്ക്കെതിരെ അഴിമതി ആരോപണം ഉണ്ടായിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ ഏത് തരത്തിലുള്ള അന്വേഷണമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ചില പരാതികളിൻമേലുള്ള അന്വേഷണം നടത്തിയിട്ടുണ്ട്. എന്നാൽ മറ്റ് ചില പരാതികളെക്കുറിച്ചുള്ള അന്വേഷണം ഇനിയും നടത്താനുണ്ട്.

(ഡി) വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിലെ ജോയിന്റ് ഡയറക്ടറുടെ മേൽനോട്ടത്തിലാണ് കാസർഗോഡ് ഡി.ഡി.ഇ. ഓഫീസിലെ ആരോപണങ്ങളിൻമേൽ അന്വേഷണം നടത്തിയത്. അവശേഷിക്കുന്ന ആരോപണങ്ങളിൻമേലുള്ള അന്വേഷണം കഴിയുന്നതും വേഗം നടത്തുന്നതാണ്.

59 (1603) ഫാമിലി ബെനിഫിറ്റ് സ്കീം പ്രകാരമുള്ള തുക നൽകാൻ നടപടി

ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ പിരപ്പൻകോട് ഹയർ സെക്കന്ററി സ്കൂളിൽനിന്നും 1999 മാർച്ച് 31-ന് റിട്ടയർ ചെയ്ത എച്ച്.എസ്.എ. ശ്രീമതി എം.കെ. രുഗ്മിണിക്ക് ഫാമിലി ബെനിഫിറ്റ് സ്കീമിലുള്ള തുക നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം എന്ത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ടീച്ചർ കോഴിക്കോട് പായിപ്ര സ്കൂളിൽ 12.10.1978 മുതൽ 18.9.1979 വരെ ജോലി ചെയ്തിരുന്ന കാലത്തെ ഫാമിലി ബെനിഫിറ്റ്സ് സ്കീമിലടച്ച തുകയുടെ കണക്ക് വിവരം പിരപ്പൻകോട് ഹയർ സെക്കന്ററി സ്കൂളിലേയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly